(ബി) പദ്ധതി നടപ്പിലാക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(സി) പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട വയനാട് ചുരം ബദൽ റോഡ് എൻ.എച്ച്. 212-ൽ കി.മീ 47/500-ൽ തുടങ്ങി കി.മീ.60/200-ൽ(തളിപ്പുഴ) വയനാട് ജില്ലയിൽ അവസാനിക്കുന്നു. പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് എൽ.ബി.എസ്. പ്രാഥമിക സർവ്വേ നടത്തിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു. പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ഭൂമിയും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി റോഡ് നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ചുരം ബദൽ റോഡിന് 31.97 ഏക്കർ വനഭൂമിയും 180.5 ഏക്കർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ വയനാട് ജില്ലയിലെ വനഭൂമി Ecologically Fragile Land വിഭാഗത്തിൽ ഉൾപ്പെട്ടതാണ്. വനഭൂമി ഏറ്റെടുക്കുന്നതിന് വനം വകുപ്പിന്റെയും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും അനുമതി ആവശ്യമാണ്. വനഭൂമിയിൽ ഉൾപ്പെടുന്ന 3.5 കി.മീ. സ്ഥലം അനുവദിച്ച് കിട്ടുക എന്നതാണ് ഇത് സംബന്ധിച്ച പ്രധാന തടസ്സം.

(സി) വനം വകുപ്പുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് തലത്തിൽ കൈക്കൊണ്ടിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച റോഡുകളും പാലങ്ങളും

243 (840) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡുകളുടേയും പാലങ്ങളുടേയും പ്രവൃത്തിക്ക് ഭരണാനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ ഇതിനോടകം ടെണ്ടർ വിളിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ ഇതിനോടകം ടെണ്ടർ വിളിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയെന്നും ഓരോന്നിനും ടെണ്ടർ തുക എത്രയെന്നും അറിയിക്കുമോ ?

ഉത്തരം

(എ)

1. മാടായി ടി.ബി. മുട്ടം എട്ടിക്കുളം എച്ച്.എസ്. റോഡ് 552 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

2. പൂതപ്പാറ നീർക്കടവ് റോഡ് കി.മീ.0/00 മുതൽ 2/400 കി.മീ. 145 ലക്ഷം

3. ചൊവ്വ-മമ്പറം റോഡ് കി.മീ. 1/500-ൽ ചൊവ്വ നടാൽ ബൈപാസ്സ് കി.മീ. 1/900 മുതൽ 2/350 (ബാക്കി പ്രവൃത്തി) വരെ ബൈപാസ് നിർമ്മാണം 100 ലക്ഷം രൂപ. കൂടാതെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന 68 റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി 1579.09 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) 2010-11 വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പേരാവൂർ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണം

244 (841) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി റോഡുകളുടെ നവീകരണത്തിനുവേണ്ടി എത്ര കോടിരൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

(ബി) മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയ ഈ മണ്ഡലത്തിലെ റോഡുകളുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജകമണ്ഡലത്തിൽ റോഡുകളുടെ ഉപരിതലം പുതുക്കൽ പ്രവൃത്തികൾക്കായി 918.40 ലക്ഷം രൂപയുടെയും റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 4 പ്രവൃത്തികൾക്കായി 1406 ലക്ഷം രൂപയുടെയും വിഷൻ 2010-ൽ ഉൾപ്പെടുത്തി 2 പ്രവൃത്തികൾക്കായി 148.60 ലക്ഷം രൂപയുടെയും ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിക്കായി 750 ലക്ഷം രൂപയുടെയും പദ്ധതി ഇനത്തിൽ 2 പ്രവൃത്തികൾക്കായി 1270 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പേരാവൂർ മണ്ഡലത്തിൽ നവീകരണ പ്രവൃത്തി നടത്തിയവകയിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം 2006-10 കാലയളവിൽ 8,19,36,862 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 4 റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 1406 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു :

1, കുന്നോത്ത് കേളൻ പീടിക-മട്ടിണി വളളിത്തോട് റോഡ് കെ1/00 -1020-728 ലക്ഷം-പ്രവൃത്തി ആരംഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly